**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **84** — 25.04.2017 ൽ മറുപടിക്ക്

## വൈ-ഫൈ പ്രസരണ കേന്ദ്രങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.ഡി. പ്രസേനൻ** | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |

(എ) വൈ-ഫൈ പ്രസരണ കേന്ദ്രങ്ങൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(എ) ഉദ്ദേശിക്കുന്നുണ്ട്. സർക്കാർ ഉത്തരവ് G.O(Rt)No.58/2017/ITD തീയതി 06/03/2017 പ്രകാരം 1000 വൈ-ഫൈ ഹോട്ട്സ്പോട്ടുകൾ പൊതു ഇടങ്ങളിൽ സ്ഥാപിക്കുവാനായി അനുമതി നൽകിയിട്ടുണ്ട്.

(ബി) എങ്കിൽ ഏതെല്ലാം മേഖലകളിലാണ് ഇവ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാനമൊട്ടാകെ ജനത്തിരക്കുള്ള ബസ് സ്റ്റാന്റുകൾ, റെയിൽവെ സ്റ്റേഷനുകൾ, പാർക്കുകൾ, ലൈബ്രറികൾ, സർക്കാർ സ്ഥാപനങ്ങൾ മുതലായ സ്ഥലങ്ങളിലാണ് വൈ-ഫൈ ഹോട്ട്സ്പോട്ടുകൾ സ്ഥാപിക്കുന്നത്. ഓരോ ജില്ലകളിലെയും വൈ-ഫൈ ഹോട്ട്സ്പോട്ടുകൾ സ്ഥാപിക്കുവാനുള്ള സ്ഥലങ്ങൾ കണ്ടെത്തുന്നത് അതാത് ജില്ലാ കലക്ടർമാരാണ്.

(സി) സാധാരണ ജനങ്ങൾക്ക് സൗജന്യ അടിസ്ഥാന ഇന്റർനെറ്റ് സേവനം ലഭ്യമാക്കുമോ; എങ്കിൽ വിശദമാക്കാമോ?

(സി) പദ്ധതി പൂർത്തിയാകുമ്പോൾ ഓരോ വൈ-ഫൈ ഹോട്ട്സ്പോട്ടുകളുടെയും ദൂരപരിധിക്കുള്ളിൽ വരുന്ന പൊതുജനങ്ങൾക്ക് നിശ്ചിത സമയം സൗജന്യ ഇന്റർനെറ്റ് സേവനം ലഭ്യമാകുന്നതാണ്.

Manoharan
സെക്ഷൻ ഓഫീസർ